പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2289 13.02.2013 ൽ മറുപടിയ്ക്ക്

മാവിൻമൂട് കെ.എസ്.ഇ.ബി ഔട്ട് സ്റ്റേഷൻ കളക്ഷൻ സെന്റർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) പൂതക്കുളം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ മാവിൻമൂട് കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി ഔട്ട് സ്റ്റേഷൻ കളക്ഷൻ സെന്റർ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നോ;വിശദാംശം അറിയിക്കുമോ; | (എ) ജൂൺ 2012 ൽ പൂതക്കുളം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ മാവിൻമൂട് കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി ഔട്ട് സ്റ്റേഷൻ കളക്ഷൻ സെന്റർ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു.എം.എൽ.എ. ശ്രീ.ജി.എസ്.ജയലാൽ അവർകളുടെ നിവേദനം ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ആവശ്യം പരിഗണിച്ച് അനുകൂല നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ? | (ബി) മാവിൻമൂട് പ്രദേശത്തിന്റെ ഭൂരിഭാഗവും ഇപ്പോൾ പരവൂർ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലാണ്. കൂടാതെ ടി പ്രദേശത്തു നിന്ന് പരവൂർ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസിലേക്കും പൂതക്കുളം ഇലക്ട്രിക്കൽ സെക്ഷൻ ആഫീസിലേക്കുമുള്ള ദൂരം മൂന്നു കിലോമീറ്ററിൽ താഴെ മാത്രമാണ്. നിലവിൽ ധാരാളം ഗതാഗത സൗകര്യവും ഉണ്ട്. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ വൈദ്യുതി ബില്ലുകൾ രാവിലെ 8.00 മണിമുതൽ |

(........2)

വൈകുന്നേരം 6.00 മണിവരെ സ്വീകരിച്ചു വരുന്നു. ആയതിനാൽ ടി മാവിൻമൂട് പ്രദേശത്ത് കളക്ഷൻ സെന്റർ തുടങ്ങേണ്ട ആവശ്യകത ഇപ്പോൾ നിലവിലില്ല.

**സെക്ഷൻ ഓഫീസർ**